# സാഹിത്യവാരഫലം

1971/12/19 (മലയാളനാട്ട്)

എം. കൃഷ്ണൻ നായർ

Copyright © 2014-2023, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1971/12/19-ൽ മലയാളനാട് വാരികയിൽ പ്രസിദ്ധീകരിച്ചത്.

## മുൾക്ക്‌രാജ് ആനന്ദ്! അങ്ങാണ് കലാകാരൻ



മുൾക്ക്‌രാജ് ആനന്ദ്

അന്ധകാരത്തിന്റെ അഗാധതയിലേക്കുള്ള അബ്ദുൾലത്തീഫിന്റെ നീണ്ടരോദനം ഞാൻ ആന്തരശ്രോത്രംകൊണ്ട് കേൾക്കുന്നു. ആ ബാലന്റെ വിഷാദമഗ്നമായ മുഖം എന്റെ അന്തർന്നേത്രത്തിനു മുൻപിൽ ആവിർഭവിക്കുന്നു. അച്ഛനും അമ്മയും നഷ്ടപ്പെട്ട, സ്നേഹിതൻ നഷ്ടപ്പെട്ട, അബ്ദുൾലത്തീഫ്! നീ കരയുമ്പോൾ നിന്നോടൊരുമിച്ച് ഞാനും കരയുന്നു. നിന്റെ നിസ്സഹായാവസ്ഥ എന്റെയും നിസ്സഹായാവസ്ഥ തന്നെ. നിരാശ്രയൻ! ഞാനും വിറയ്ക്കുന്നു. അബ്ദുൾലത്തീഫ്! കൊച്ചനുജാ! അടുത്തേക്കു വരൂ. ഞാൻ നിന്റെ കണ്ണീരു തുടയ്ക്കട്ടെ. ആരാണ് അബ്ദുൾലത്തീഫ് എന്ന് മാന്യവായനക്കാർ സംശയിക്കുന്നുണ്ടാകാം. അനുഗൃഹീതകലാകാരനായ മുൾക്ക്‌രാജ് ആനന്ദിന്റെ മാനസപുത്രനാണ് അവൻ. ആ ബാലനെ കാണണമെന്നുള്ളവർ നവംബർ 28-ാം തീയതിയിലെ ‘ഇല്ലസ്ട്രേറ്റഡ് വീക്കിലി’ നോക്കിയാൽ മതി. അതിന്റെ 29-ാം പുറത്തിൽനിന്ന് ആ ബാലൻ നിങ്ങളുടെ അടുക്കലേക്കു നടന്നുവരും. അവൻ അച്ഛനെ അന്വേഷിക്കുന്നു; അമ്മയെ അന്വേഷിക്കുന്നു; സ്നേഹിതനായ ആലിയെ അന്വേഷിക്കുന്നു. അവരെ ആരെയും കാണാതെ അവൻ കൊടുംതിമിരത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടു നിലവിളിക്കുന്നു. ടാഗോറിന്റെ ‘എന്റെ സ്വർണ്ണവംഗഭൂമി’ എന്ന ഗാനവും പഠിച്ചുകൊണ്ട് അവൻ അച്ഛനമ്മമാരുടെ അടുത്തേക്ക് ഓടിയതാണ്. വിദ്യാലയത്തിലേക്കു പോയപ്പോൾ കലംമെനഞ്ഞു ജീവിക്കുന്ന ആ സാധുക്കൾ ജീവനോടെ ഇരുന്നവരാണ്. എന്നാൽ ഇപ്പോൾ എല്ലാം ശൂന്യം. ആരുമില്ല. അസാധാരണമായ ശക്തിവിശേഷം ആർജ്ജിച്ച ഒരു ചെറുകഥയാണിത്. “ആ ശിശു എന്തിനു കരയുന്നു?” സാർത്ഥകമായ ആ ശീർഷകത്തിൽ ബംഗ്ലാദേശത്തിന്റെ ദുഃഖം മാത്രമല്ല; ലോകത്തിന്റെയാകെയുള്ള ദുഖം ആനന്ദ് ഒതുക്കി വച്ചിരിക്കുന്നു. പാക്കിസ്ഥാനെന്നൊരു വാക്കുപോലും ഇക്കഥയിൽ ഇല്ല. പട്ടാളക്കാർ അപരാധം ചെയ്യാത്ത മനുഷ്യരെ കൊന്നൊടുക്കുന്നതിന്റെ വർണ്ണനകൾ ഇവിടെയില്ല. എങ്കിലും കഥ വായിച്ചു കഴിയുമ്പോൾ നാം ഞെട്ടും. അത്രയ്ക്കുണ്ട് ഇതിന്റെ അഭിവ്യഞ്ജകത്വം. ക്രൗര്യം മനുഷ്യശിരസ്സുകളെ ഛേദിച്ചെറിയുമ്പോൾ, ആ ക്രൗര്യത്തെ നേരിടാൻ ധർമ്മചിന്തയുള്ളവർക്ക് കൂടുതൽ ധൈര്യം നല്കുന്ന ഇത്തരം കഥകൾ ധാരാളമുണ്ടാകട്ടെ. പക്ഷേ, അതിന് മുൾക്ക് രാജ് ആനന്ദിനെപ്പോലുള്ള അനേകം കലാകാരന്മാർ വേണമല്ലോ. സഫലീഭവിക്കാത്ത ഒരാഗ്രഹമാണോ അത്?

മലയാളനാട് വാരികയുടെ കവർപേജ് ഇപ്പോഴും മനോഹരംതന്നെ. പുഞ്ചിരിപൊഴിക്കുന്ന ഷീല കൈകോർത്തു പിടിച്ച് നിലത്തിരിക്കുന്നു. സ്ത്രീയുടെ മന്ദഹാസം വിശ്വവശ്യമാണ്. മനോഹരയായ ഷീല മന്ദഹാസം പൊഴിക്കുമ്പോൾ ആ മന്ദഹാസത്തിന്റെ ചേതോഹരത്വം അസാധാരണമായിരിക്കും. ആ ലഹരിയിൽ വീണ വായനക്കാരൻ വാരികയുടെ അകത്തേക്കു കടക്കുമ്പോൾ ശ്രീ. വി. പി. ശിവകുമാറിന്റെ “തവളപിടുത്തക്കാരായ രണ്ടുപേർ” എന്ന കഥയ്ക്ക് അഭിമുഖീഭവിച്ചുനില്ക്കുന്നു. ഇത് ഒരു സൊല്ലണ്ടനമാണ് (നിന്ദാഗർഭമായ രചന). ഹ്യൻസാങ്ങെന്നും കക്കനെന്നും രണ്ടുപേർ തവളപിടിക്കാനിറങ്ങുന്നു. അവർക്ക് ഒരു ‘സ്വീകരണം’ ലഭിക്കുന്നു. തവളകളെ പിടിച്ചുകൊണ്ട് അവർ വീട്ടിലെത്തുമ്പോൾ സഹധർമ്മിണികളെ കാണുന്നു. ഉടനെ അവർ അശ്ലീലസാഹിത്യത്തെക്കുറിച്ച് ഓർമ്മിക്കുന്നു. ഞാൻ ഇക്കഥ മൂന്നു പരിവൃത്തി വായിച്ചു. എന്നിട്ടും കഥാകാരൻ ഉദ്ദേശിക്കുന്നതെന്തെന്ന് പൂർണ്ണമായും മനസ്സിലാക്കിയില്ല. അത്യന്താധുനികസാഹിത്യത്തെ എതിർക്കുന്നവരെ അധിക്ഷേപിക്കുകയാണ് ശിവകുമാറിന്റെ ലക്ഷ്യമെന്നു തോന്നുന്നു. ആ അധിക്ഷേപം ലക്ഷ്യത്തിൽചെന്നുകൊള്ളണമെങ്കിൽ കഥയിലെ പ്രതീകങ്ങൾക്കു കുറച്ചുകൂടെ സ്പഷ്ടതവേണം; സർവഗതത്വം എന്ന ഗുണവും ഉണ്ടായിരിക്കണം. പാമ്പ് കല്ലിൽക്കൊത്തി വിഷം നശിപ്പിക്കുന്നതുപോലെ സാങ്കല്പികശത്രുവിന്റെ നേർക്ക് വിദ്വേഷമെന്ന വിഷം വമിച്ചാൽ കലയാവുകയില്ലല്ലോ. തത്ത്വചിന്തകന്റെ ആത്മാവ് ശിരസ്സിലാണ്; കവിയുടെ ആത്മാവ് ഹൃദയത്തിലാണ്; ഗായകന്റെ ആത്മാവ് കണ്ഠത്തിലാണ്; നർത്തകിയുടെ ആത്മാവ് ശരീരത്തിലാകെയാണ് എന്ന് ഖലീൽ ജിബ്രാൻ പറഞ്ഞിട്ടുണ്ട്. കഥാകാരന് അത്യന്താധുനികരെ പ്രശംസിക്കാം, നിന്ദിക്കാം. ഏതനുഷ്ഠിച്ചാലും അത് കലയാവണമെന്നേ ആസ്വാദകൻ പറയുകയുള്ളൂ. ആത്മാവ് ഹൃദയത്തിൽത്തന്നെയാണെന്നു കലാകാരൻ വ്യക്തമാക്കണം.

“മലയാളനാട്ടി”ൽ “കഷായ”മെന്നപേരിൽ നർമ്മകഥകളെഴുതുന്ന ശ്രീ. സുകമാർ ആ കഷായത്തിന് ‘മേമ്പൊടി’ നല്കുന്നതു നോക്കുക:

“ബസ്സിൽനിന്നുമിറങ്ങി അങ്ങുമിങ്ങും നോക്കുന്ന യുവതിയോട് യുവാവ്: “ഭവതിയെ ഞാൻ സ്നേഹിക്കുന്നു.” യുവതി: “ഞാനും. ഈ ബഡ്ഡും പെട്ടിയും എന്റെ ലോഡ്ജിൽ ഒന്നു കൊണ്ടുവരാമോ?”

ലോലഹൃദയനായ പുരുഷനെയും പ്രായോഗികചിന്തയുള്ള സ്ത്രീയേയുമാണ് സുകമാർ ഇവിടെ ചിത്രീകരിക്കുന്നത്. ഈ ചിത്രീകരണം എനിക്കു വളരെ രസിച്ചു, കാരണം അത് വ്യക്തിപരമായ ഒരനുഭവത്തോടു ബന്ധപ്പെട്ടതാണ് എന്നതുതന്നെ. ഒരിക്കൽ ഞാൻ തൃശ്ശൂർ-ഷൊർണ്ണൂർ ട്രെയിനിൽ സഞ്ചരിക്കുകയായിരുന്നു. വയറ്റിൽ ഒരു ശസ്ത്രക്രിയ കഴിഞ്ഞ് ഒരു മാസത്തോളം ആശുപത്രിയിൽ കിടന്നിട്ട് ഞാൻ വീട്ടിലേക്കു പോകുകയായിരുന്നു. ഭാരമുള്ള ഒന്നും എടുത്തുയർത്തരുതെന്നു ഡോക്ടർ എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു. ഞാൻ യാത്രചെയ്തിരുന്ന തീവണ്ടിയിൽ ഒട്ടൊക്കെ ആകർഷകത്വമുള്ള ഒരു യുവതി എനിക്കെതിരേ ഇരിക്കാനുണ്ട്. തൃശ്ശൂരിൽനിന്ന് യാത്രതുടങ്ങിയപ്പോൾ മുതൽ മുഖത്തു കടന്നൽകുത്തിയ മട്ടിൽ മുഖം വീർപ്പിച്ച് ഇരുന്ന ആ യുവതി ഷൊർണ്ണൂർ അടുക്കാറായപ്പോൾ എന്നെ നോക്കി മന്ദസ്മിതം പൊഴിക്കാൻ തുടങ്ങി. അതു മന്ദസ്മിതമല്ല, മാംസപേശികളുടെ വക്രീകരണമായിരിക്കുമെന്ന് ഞാൻ ആദ്യം വിചാരിച്ചു. പൊടുന്നനവേ അവളുടെ ഭാവഹാവങ്ങൾ കൂടി അവർ എന്റെ സീറ്റിലേക്കു വന്നിരുന്നു. എന്നിട്ടു ക്രമേണ അടുക്കാൻ തുടങ്ങി. ഞാൻ ഭയന്നു. ഇങ്ങനെ ശൃംഗാരചേഷ്ടകൾ കാണിച്ച് പുരുഷന്മാരെ വഞ്ചിച്ചിട്ട് നിലവിളിച്ച് ആളുകളെ വിളിച്ചു കൂട്ടുന്ന ചില സ്ത്രീകളുണ്ടെന്ന് ഞാൻ കേട്ടിരുന്നു, അത്തരത്തിൽ ആരെങ്കിലുമായിരിക്കും അവളെന്നു വിചാരിച്ച് ഞാൻ നന്നായി പേടിച്ചു. എന്റെ മാനസികനില മനസ്സിലാക്കിക്കൊണ്ട് അവൾ ചോദിച്ചു: “എവിടെ പോകുന്നു? ആരാണ്? എന്തേ ഈ വല്ലായ്മ?” അങ്ങനെ പലതും. ഞാൻ ഒരു മറുപടിയും പറയാതെ മിഴിച്ചിരുന്നതേയുള്ളൂ. അവൾ എന്നെ തൊട്ടിരുന്നു. തീവണ്ടിയുലയുമ്പോഴൊക്കെ അവൾ എന്റെ ശരീരത്തിൽ സ്പർശിക്കുന്നുണ്ട്. പതിനഞ്ചു മിനിറ്റ് കഴിഞ്ഞപ്പോൾ ട്രെയിൻ ഷൊർണ്ണൂർ പ്ലാറ്റ്ഫോറത്തിൽ ചെന്നുനിന്നു. അവൾ എഴുന്നേറ്റ് മധുരമായി എന്നോടു ചോദിച്ചു. “എന്റെ ഈ പെട്ടി ഒന്നെടുത്ത് പ്ലാറ്റ്ഫോമിൽ വച്ചുതരുമോ? ഈ സമയത്ത് പോർട്ടറെ കിട്ടുകയില്ല” അവൾ ചാടിയിറങ്ങി. ഒരാട്ടോമേറ്റിക് യന്ത്രത്തെപ്പോലെ ഞാൻ അനുസരിച്ചു. ദൃഢശരീരമുള്ള നാലു യുവാക്കന്മാർ ഒരുമിച്ചെടുത്താലും ഉയരാത്ത ആ പെട്ടി ഞാൻ പൊക്കിയെടുത്തു. ശസ്ത്രക്രിയ നടന്നഭാഗത്ത് എന്തോ പൊട്ടുന്ന പോലെ എനിക്കു തോന്നി. ഞാൻ പെട്ടിയും കൊണ്ട് വേച്ചുവേച്ചു ചെന്നപ്പോൾ അവൾ സുന്ദരനായ ഒരു യുവാവിനോട് സല്ലപിച്ചു നില്ക്കുന്നതാണ് കണ്ടത്. വിങ്ങിപ്പൊട്ടുന്ന മട്ടിൽ ഞാൻ ചോദിച്ചു: “പെട്ടി എവിടെ വയ്ക്കണം”. എന്നെ ഒരു പരിചയവും ഇല്ലാത്ത മട്ടിൽ അവജ്ഞയോടെ നോക്കിയിട്ട് അവൾ പറഞ്ഞു: “അവിടെയെങ്ങാനും വച്ചേക്കൂ”. അതു പറഞ്ഞുതീരുന്നതിനു മുൻപ് അവൾ തലവെട്ടിത്തിരിച്ച് യുവാവിനോട് കൊഞ്ചാൻ ആരംഭിച്ചു. ഞാൻ പെട്ടി താഴെ വച്ചിട്ടു മാറി ഒരിടത്തിരുന്നു. ഭയങ്കരമായ വേദന. അടുത്ത ദിവസം ഒരു ടാക്സി വിളിച്ച് ഞാൻ തിരുവനന്തപുരത്തേക്കു പോന്നു. എന്നെ പരിശോധിച്ച ഡോക്ടർ കെ. ശിവരാജൻ ചോദിച്ചു: “ഭാരം വല്ലതും എടുത്തുയർത്തിയോ?” “ഇല്ല” എന്നു ഞാൻ കള്ളം പറഞ്ഞു. ഞാൻ വീണ്ടും ശസ്ത്രക്രിയയ്ക്കു വിധേയനായി രണ്ടുമാസംകൂടെ ആശുപത്രിയിൽ കിടന്നു… സ്ത്രീയുടെ രാക്ഷസീയമായ പെരുമാറ്റത്തെ ഓർമ്മിപ്പിച്ചുതന്ന സുകമാറിനു നന്ദി. ഞാൻ കള്ളം പറഞ്ഞിട്ടും എന്നെ ദയാപൂർവ്വം ചികിത്സിച്ച് എന്റെ രോഗം മാറ്റിയ വിദഗ്ദ്ധനായ ഡോക്ടർ കെ. ശിവരാജനു നന്ദി (അദ്ദേഹം ഇപ്പോൾ എഫ്. എ. സി. റ്റി.-യിൽ സേവനമനുഷ്ഠിക്കുന്നു). ഞാൻ സ്ത്രീകളെ അധിക്ഷേപിക്കുകയാണോ? അല്ല. “ജിബ്രാൻ! അങ്ങാണ് എന്റെ മഹാകവി അങ്ങെന്തു പറയുന്നു?” ഇതാ ജിബ്രാന്റെ മറുപടി: “അവൾ ജീവിതംപോലെയാണ്. എല്ലാ പുരുഷന്മാരുടേയും കൈയിലാണ് അവൾ. മരണത്തെപ്പോലെ അവൾ എല്ലാ പുരുഷന്മാരെയും ആക്രമിക്കുന്നു. ശാശ്വതികത്വം പോലെ, നിത്യതപോലെ അവൾ എല്ലാ പുരുഷന്മാരെയും മൂടുന്നു…” മരണം എല്ലാറ്റിനെയും ആക്രമിക്കുന്നുവെന്നു കവി പറയുന്നു. അതിന്റെ ഭയങ്കരത്വത്തെ, അനിവാര്യസ്വഭാവത്തെ, സുന്ദരമായി സ്ഫുടീകരിക്കുന്ന ഒരു ചെറുകഥയുണ്ട് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ “ഒറ്റമൂലിക പ്രയോഗിച്ച്” ഏതു രോഗിയേയും സുഖപ്പെടുത്തുന്ന ഒരു ഡോക്ടർ. വിശ്വവിഖ്യാതനായ അദ്ദേഹത്തിന്റെ മുൻപിൽ സഹധർമ്മിണി തന്നെ എത്തി. ഏതു രോഗി വന്നാലും ഡോക്ടർ ചോദിക്കും “നിന്റെ രോഗമെന്താ”ണെന്ന്. അതു പോലെ അദ്ദേഹം ഭാര്യയോടും ചോദിച്ചു. ഭാര്യ നല്കിയ മറുപടി കേട്ട് ഡോക്ടർ ഞെട്ടി “മരണം”. സൗന്ദര്യത്തിന്റെ മാനദണ്ഡംകൊണ്ട് അളന്നാൽ ഏതു് ഉത്കൃഷ്ടമായ കഥയ്ക്കും തുല്യമായി കാണപ്പെടുന്ന കഥയാണിത്. ഇതെഴുതിയ ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ള കഴിവുള്ള കലാകാരൻതന്നെ. കഥയ്ക്കു ശ്രീ. നമ്പൂതിരി വരച്ചുചേർത്ത ചിത്രം നന്നായിട്ടുണ്ട്.



ഏ. ആർ. രാജരാജവർമ്മ

ഓരോ മനുഷ്യനും ഓരോ രീതിയിലാണു പെരുമാറുന്നത്. ആ പെരുമാറ്റം അയാളുടെ സംസ്കാരത്തെ ആശ്രയിച്ചിരിക്കും. പണ്ടൊരിക്കൽ വിനയസമ്പന്നനെന്നു നടിക്കുന്ന ഒരു ധിക്കാരി പരീക്ഷയെഴുതിയിട്ട് കേരളമൊട്ടുക്കു നടന്നു. ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിക്കുകയും ചെയ്തു. റിസൾട്ട് പുറത്തായപ്പോൾ അയാളുടെ അച്ഛൻ വളരെ ആഹ്ലാദിച്ച് “എന്റെ മകൻ ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിച്ചിരിക്കുന്നു” എന്ന് വീട്ടിന്റെ ചുവരിൽ കരിക്കട്ടകൊണ്ടോ റ്റാറുകൊണ്ടോ എഴുതിവച്ചുവെന്ന് ഞാൻ അറിയുകയുണ്ടായി. ഏ. ആർ. രാജരാജവർമ്മസ്കൂളിൽ പഠിക്കുന്ന കാലത്ത് ഒരു വിഷയത്തിന് നൂറിന് നൂറു മാർക്കും വാങ്ങിക്കൊണ്ട് വീട്ടിലെത്തി. അമ്മാവൻ ചോദിച്ചു: “അപ്പനേ മാർക്കെത്ര?” ബാലൻ അഭിമാനത്തോടെ പറഞ്ഞു: “നൂറിന് നൂറ്”. അമ്മാവൻ അനന്തരവനെ ശാസിച്ചു. നൂറിന് നൂറ്റൊന്നു വാങ്ങിക്കാത്തത് എന്ത് എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. രണ്ടു രക്ഷാകർത്താക്കന്മാരുടെയും വിഭിന്ന സംസ്കാരങ്ങൾ നോക്കുക. പ്രതികരണങ്ങൾ സംസ്കാരത്തെ ആശ്രയിച്ചിരിക്കുന്നു എന്നതിൽ ഒരു സംശയവും വേണ്ട. കലാകാരന്മാരെസ്സംബന്ധിച്ചും ഇതു ശരിയാണ്. നിത്യജീവിതത്തിലെ രതി കണ്ടു പെൺകുട്ടികൾക്ക് ഉളവാകുന്ന മാനസികനില ഒന്ന്; ആൺകുട്ടികൾക്ക് ഉണ്ടാകുന്ന മാനസികനില മറ്റൊന്ന്; പ്രായംകൂടിയവർക്ക് സംജാതമാകുന്ന മാനസികനില വേറൊന്ന്. പെൺകുട്ടികളുടെ മാനസികനിലയ്ക്കു യോജിച്ച ആവിഷ്കരണരീതി അവർക്കു ലഭിക്കും. അതിനെ അതിഭാവുകത്വമാർന്ന ആവിഷ്കാരം—Sentimental expression—എന്നു വിളിക്കാം. പ്രതിപാദനരീതിക്ക് അതിഭാവുകത്വം വരുമ്പോൾ കലപമ്പകടക്കും. കുങ്കമംവാരികയിൽ ഒ. ഭാവന എഴുതിയ “അവൾ എന്ന സ്വപ്നം” എന്ന കഥ വായിച്ചുനോക്കുക. സ്റ്റോക്ക് പ്രയോഗങ്ങൾ എല്ലാം അവിടെയുണ്ട്. പെണ്ണിന്റെ സാരിയുടുക്കൽ, തലമുടി പിന്നിയിടൽ അങ്ങനെ പലതും. പിന്നീടു ഹിന്ദിപ്പാട്ടുപാടുന്ന യുവാവ്. സ്വപ്നംകാണുന്ന നീലക്കണ്ണുകൾ. വിവാഹത്തിന്റെ ആദ്യത്തെ ചടങ്ങായ പെണ്ണുകാണൽ. പെണ്ണ് ഒരുങ്ങി വീട്ടിലേക്കു പോകുമ്പോൾ കാമുകഭൃംഗം അശോകമരത്തിൽ പറ്റിനില്ക്കുന്നത്രേ. വികാരത്തിനു പരിവർത്തനം വരുത്തി വാങ്മയചിത്രമാക്കുമ്പോഴാണ് കലയുണ്ടാകുന്നത്. ഈ പരമാർത്ഥം കഥയെഴുതുന്ന പല പെൺകുട്ടികൾക്കും അറിഞ്ഞുകൂടാ. അതിഭാവുകത്വമാർന്ന ആവിഷ്കാരം കലാത്മകമായ ആവിഷ്കാരമാണെന്ന് പലരും തെറ്റിദ്ധരിച്ചു വച്ചിരിക്കുന്നു. അവരോട് ടോൾസ്റ്റോയിയുടേയും ചെക്കോവിന്റേയും മോപ്പസാങ്ങിന്റെയും കൃതികൾ വായിക്കുക എന്നേ എനിക്കു പറയാനുള്ളൂ. മനുഷ്യജീവിതത്തിന്റെ ദുഃഖമാണ് രേണുകാ ദേവിയുടെ പ്രതിപാദ്യവിഷയം (ജഡം എന്ന ചെറുകഥ, മലയാളരാജ്യം). പ്രതിഭ ജനിപ്പിക്കുന്ന ചൈതന്യം ഇക്കഥയിൽ ഇല്ല. പൂർവകല്പിത രൂപത്തിൽ ചില ആശയങ്ങൾ വന്നുവീഴുന്ന പ്രതീതിയാണ് രേണുകാ ദേവിയുടെ കഥയുളവാക്കുന്നത്. അത് ശ്രീമതിയുടെ ന്യൂനതയാണെന്നു ധരിക്കേണ്ടതില്ല. സാർത്രിന്റേയും കമ്യൂവിന്റേയും കഥകൾക്കുമുണ്ട് ആ ദോഷം.

തിരുവിതാംകൂർ റ്റൈറ്റേനിയം പ്രോഡക്ട്സ് ലിമിറ്റഡിന് ഒരു റെക്രിയേഷൻ ക്ലബ്ബുണ്ട്. അതിന്റെ വകയായി പ്രസാധനം ചെയ്യുന്ന “റ്റൈറ്റേനിയംന്യൂസി”ന്റെ വാർഷികപ്പതിപ്പ് ഇപ്പോൾ നമുക്കു ലഭിച്ചിരിക്കുന്നു. 400 പുറങ്ങളോളമുള്ള ഈ പ്രസാധനത്തിൽ 250 പുറങ്ങളും ഇംഗ്ലീഷിലുള്ള ശാസ്ത്രീയലേഖനങ്ങളാണ്. ബാക്കിയുള്ള പേജുകൾ മലയാളത്തിനു നീക്കിവച്ചിരിക്കുന്നു. എങ്കിലും ഈ വാർഷികപ്പതിപ്പ് അത്യന്തം ആകർഷകമായിരിക്കുന്നു. അതിൽ പ്രശസ്തസാഹിത്യകാരനായ ശ്രീ. മലയാറ്റൂർ രാമകൃഷ്ണൻ ഒരു കഥയെഴുതിയിട്ടുണ്ട്. നർമ്മബോധം പ്രദർശിപ്പിക്കുന്ന രാമകൃഷ്ണന്റെ കഥകൾ ഈ ലേഖകന് ഇഷ്ടമാണ്. ആ രസികത്വം ഇതിലെ കഥയിലുമുണ്ട്. തന്റെ ഗുരുനാഥന്റെ മകനെ ഉദ്യോഗസ്ഥനാക്കാൻ ഒരാഫീസർ ശ്രമിക്കുന്നതും ഓഫീസിലെ കൊള്ളരുതായ്മയാൽ അതിൽ അദ്ദേഹം പരാജയപ്പെടുന്നതുമാണ് ഇതിലെ പ്രതിപാദ്യവിഷയം. ആഖ്യാനം ഏദ്യമായതുകൊണ്ട് അവസാനംവരെയും നാം കഥ രസിച്ചുവായിക്കും. പക്ഷേ, കഥയുടെ പര്യവസാനം അസുന്ദരമായിബ്ഭവിക്കുന്ന അതിന്റെ ഫലമായ നൈരാശ്യം അളവറ്റതുമാണ്.

ദുഃഖിക്കുന്ന ഒരു മനുഷ്യൻ; അയാളെ ചുറ്റിനില്ക്കുന്ന ഭാനുമതിയും ചിത്രയും. അവരുടെ ചിത്രംവരച്ച് ശോകാകുലനായ അയാളുടെ നേർക്ക് സഹതാപത്തിന്റെ നീർച്ചാല് ഒഴുക്കാൻ ശ്രീ. പാറന്നൂർ പദ്മനാഭൻ ശ്രമിക്കുന്നു (ഒട്ടകത്തിന്റെ നിഴലും പുതിയ വേരുകളും എന്ന കഥ—ചന്ദ്രിക ആഴ്ചപ്പതിപ്പിൽ). ആധുനികജീവിതത്തിന്റെ ദുഃഖം മുഴുവൻ ഈ കഥയിലൊതുക്കാൻ കഥാകാരൻ യത്നിക്കുന്നുണ്ട്. റൊമാന്റിക് കാലഘട്ടം രൂപവത്ക്കരിച്ച കഥയുടെ ശില്പത്തിലാണ് ഈ ലേഖകൻ ഭംഗി കാണുന്നത്. മോപ്പസാങ്ങിന്റെ യഥാതഥങ്ങളായ ചെറുകഥകൾപോലും ആ കാല്പനിക രൂപശില്പത്തിലാണ് വാർന്നുവീണിട്ടുള്ളത്. അതിനോടുള്ള അതിരുകടന്ന താൽപര്യം കൊണ്ടാവാം എനിക്ക് പദ്മനാഭന്റെ കഥകളുടെ രൂപശില്പം ഇഷ്ടപ്പെടാറില്ല. അത് എന്റെ ന്യൂനതയോ പദ്മനാഭന്റെ ന്യൂനതയോ? ചിന്തനീയമായ വിഷയമാണ് അത്.

ദാർശനികമായ മൗലികത്വമോ മൂല്യങ്ങളിലുള്ള വിശ്വാസമോ ഇല്ലാത്ത കാലഘട്ടമാണിത്. അത് ഇന്നത്തെ കലാസൃഷ്ടികളിൽ പ്രതിഫലിക്കുന്നുമുണ്ട്. ഈ ജീർണ്ണതയിലേക്കു കൈചൂണ്ടുന്ന ദേശാഭിമാനിയിൽ “എന്റെ ഞരമ്പുകളിലെ അഗ്നിപർവ്വതമേ” എന്ന ചെറുകഥ എഴുതിയ ശ്രീ. എൻ. പ്രഭാകരൻ. അദ്ദേഹത്തിന്റെ ധീരങ്ങളായ ചിന്തകൾ ആരെയും ചലിപ്പിക്കും. പക്ഷേ, കഥയുടെ രൂപശില്പമുണ്ടോ ഇതിന്? ഉണ്ടെന്ന് പറയാൻ എനിക്കു ധൈര്യം പോര.



എം. ടി. വാസുദേവൻനായർ

ഗ്രന്ഥപ്രസാധനത്തിലാണ് ഏറ്റവും വലിയ വഞ്ചന നടക്കുന്നത്. ഏത് അമേരിക്കൻ പുസ്തകമെടുത്തുനോക്കിയാലും “1500000 പ്രതികൾ ഒരു മാസംകൊണ്ടു വിറ്റു” എന്നും മറ്റും കാണാം. അതു വിശ്വസിച്ച് നാം പുസ്തകം വാങ്ങിയാലോ? വഞ്ചിക്കപ്പെട്ടു എന്നതിന് ഒരു സംശയവും വേണ്ട. ഹാരോൾഡ് റോബിൻസ്, ജോൺ ഒഹര, ആർതർ ഹെയ്‌ലി എന്നീ എഴുത്തുകാരെല്ലാം വിശ്വവിഖ്യാതന്മാരാണ്. പക്ഷേ, അവർ സാഹിത്യകാരന്മാരാണെന്ന് എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. അത് ഉറക്കെപ്പറയാൻ എനിക്കു പ്രയാസം തോന്നിയിരുന്നു. ഇപ്പോൾ ശ്രീ. എം. ടി. വാസുദേവൻനായർ ഇങ്ങനെയല്ലെങ്കിലും ഏതാണ്ട് ഈ അർത്ഥത്തിൽത്തന്നെ പറയുന്നു: “വാലി ഓഫ് ഡോൾസും” “ലൗ മെഷീനും” മില്യൻ കണക്കിൽ വിറ്റഴിഞ്ഞതു പരസ്യങ്ങളുടെ മിടുക്കുകൊണ്ടാണ്… ബെസ്റ്റ്സെല്ലറാവുന്നതിനു മുൻപേ ബെസ്റ്റ്സെല്ലറായി പുസ്തകം ജനം അംഗീകരിക്കാൻ വിദഗ്ദ്ധമായ പ്രചരണം ഉപകാരപ്പെട്ടു… ഹാരോൾഡ് റോബിൻസിനെ നിരൂപകർ ആരും കാര്യമായെടുത്തിട്ടില്ല. പക്ഷേ, അയാൾ യന്ത്രംപോലെ പുസ്തകങ്ങൾ സൃഷ്ടിക്കുന്നു. വില്ക്കുന്നു, പണമുണ്ടാക്കുന്നു (മാതൃഭൂമി ആഴ്ചപ്പതിപ്പ്). റോബിൻസിന്റെയും ഹെയ്‌ലിയുടെയും മറ്റും ‘ജർണ്ണലിസം’ വായിച്ച് അതെല്ലാം സാഹിത്യമാണെന്നു തെറ്റിദ്ധരിക്കുന്ന ചെറുപ്പക്കാർ വാസുദേവൻനായരുടെ ഈ വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കണം.

ഈ ലേഖനങ്ങളിൽ കവിതയുടെ നിരൂപണത്തിനു വേണ്ടപോലെ സ്ഥാനം നല്കുന്നില്ലെന്ന് ഒരു സുഹൃത്തു പരാതിപ്പെട്ടിരുന്നു. കരുതിക്കൂട്ടിയുള്ള അവഗണനയില്ല കവിതയുടെ നേർക്ക്. ഇന്ന് ആവിർഭവിക്കുന്ന കവിതകളിൽ പലതിനും കലാത്മകത്വമില്ല. ഒന്നുകിൽ വെറുപ്പുണ്ടാക്കുന്ന വിലക്ഷണങ്ങളായ ‘ഇമേജറി’ അവയിൽ നിറഞ്ഞിരിക്കും. അല്ലെങ്കിൽ ചിന്തയുടെയും വികാരത്തിന്റെയും ബാഹ്യാവസ്ഥകൾക്ക് അവയിൽ പ്രാധാന്യം നല്കിയിരിക്കും. ചിന്തയ്ക്കും വികാരത്തിനും, ‘ആന്തരജീവിത’മുണ്ട്. അത് പ്രതിപാദിക്കുന്നവനേ കവിയായിട്ടുള്ളൂ. എപ്പോഴും പ്രതികൂലമായി എഴുതാൻ മടിച്ചാണ് കാവ്യവിമർശനം വേണ്ടെന്നു വയ്ക്കാറുള്ളത്. അല്ലാതെ ആരെയും അവഗണിച്ചിട്ടല്ല.

“എനിക്കു മരിച്ചാൽമതി” പ്രേമഭംഗം വന്ന കൂട്ടുകാരൻ എന്നോടു പറഞ്ഞു. അദ്ദേഹം അതു പറഞ്ഞുതീരുന്നതിനു മുൻപ് ഒരു ലോറി ഞങ്ങളുടെ നേർക്കു പാഞ്ഞുവന്നു. മരിക്കാൻ കൗതുകമില്ലാത്ത ഞാൻ അനങ്ങിയില്ല. മരിക്കാൻ അമിതകൗതുകമുള്ള കൂട്ടുകാരൻ ഓടയിലേക്കു ചാടി. സാധാരണമനുഷ്യൻ കള്ളമേ പറയൂ. കലാകാരൻ സത്യമേ പറയൂ. പക്ഷേ, എല്ലാ കലാകാരന്മാരും പറയുന്നതു സത്യമാണെന്നു നമുക്കു തോന്നുകയില്ല. മുൾക്ക് രാജ് ആനന്ദിനെപ്പോലുള്ളവർ എന്തു പറഞ്ഞാലും സത്യമാണെന്നു നമുക്കു തോന്നും, ആ രീതിയിലുള്ള ഒരു സത്യപ്രസ്താവമാണ് അദ്ദേഹത്തിന്റെ “ആ ശിശു എന്തിനുകരയുന്നു” എന്ന കഥയിലുള്ളത്. പ്രിയപ്പെട്ട വായനക്കാരേ, ആ കഥ വായിക്കൂ. സത്യമെന്താണെന്നു മനസ്സിലാക്കൂ.

□

## എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും ‘സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ’ എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, ‘അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ ‘സ്വപ്നമണ്ഡലം’ (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.